അംഗീകാരം ലഭിക്കാത്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രശ്നം

62 (2042) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച അംഗീകാരം ലഭിക്കാത്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് അംഗീകാരം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോയെന്നു വിശദമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിൽ ഇത്തരം എത്ര അദ്ധ്യാപകരുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) വ്യവസ്ഥകൾ മറികടന്ന് നിയമിക്കപ്പെട്ട 107 അദ്ധ്യാപകരുണ്ട്.

മുളക്കുഴ എച്ച്.എസ്.വി. ഹൈസ്ക്കൂളിൽ പ്ളസ് ടൂ കോഴ്സ് അനുവദിക്കണമെന്ന ആവശ്യം

63 (2043) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ എച്ച്.എസ്.വി. ഹൈസ്ക്കൂളിൽ പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുളക്കുഴ എച്ച്.എസ്.വി. ഹൈസ്ക്കൂളിൽ പ്ളസ് ടൂ കോഴ്സ് അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി,സി&ഡി) 2000-2001 അദ്ധ്യയനവർഷത്തിൽ പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞു. അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 6-നാണ്. നിശ്ചിത സമയത്തിനുള്ളിൽ നിർദ്ദിഷ്ടരീതിയിൽ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly